പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3088 — 15.12.2015-ൽ മറുപടിക്ക്

## മിനറൽ വാട്ടറിന്റെ ഗുണനിലവാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.ഉമ്മർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഏത് വകുപ്പിനെയാണ് അധികാരപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമപ്രകാരം ഭക്ഷ്യസുരക്ഷാ വകുപ്പിനെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്. |
| ബി) | സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന മിനറൽ വാട്ടർ കമ്പനികളുടെ പ്രവർത്തനവും ഉൽപന്നങ്ങളുടെ ഗുണനിലവാരവും പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) | സംസ്ഥാനത്തു വിൽക്കുന്ന കുപ്പിവെള്ളം നിശ്ചിതഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുള്ളതും നിശ്ചിതഗുണനിലവാരമില്ലാത്തതോ അൺസെയ്ഫ് ആയോ കണ്ടെത്തുന്ന ഉൽപന്നത്തിന്റെ ഉൽപാദന വിതരണ വിൽപന കേന്ദ്രങ്ങൾക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കാറുണ്ട്. |
| സി) | കുപ്പിവെള്ളത്തിന്റെ വിപണന വില ഏകീകരിക്കുന്നതിനും അമിതവില ഈടാക്കുന്നത് തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | സി) | ഈ വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ